(ബി) എങ്കിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. അനുവദിക്കപ്പെട്ടിട്ടുള്ള ഒരു സിവിൽ സർജൻ തസ്തികയിലും 2 അസിസ്റ്റന്റ് സർജൻ തസതികയിലും ഡോക്ടർമാർ ജോലി നോക്കുന്നുണ്ട്.

(ബി) ബാധകമല്ല.

വടകര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

42 (490) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വടകര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ എല്ലാ തസ്തികയിലും ഡോക്ടർമാർ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വടകര താലൂക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന 16 തസ്തികകൾക്കുപകരം 24 തസ്തികകൾ അനുവദിച്ചു. ഇതിൽ ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിന്റെ തസ്തിക യോഗ്യതയുള്ള സ്പെഷ്യലിസ്റ്റിന്റെ അഭാവത്തിൽ നികത്തിയിട്ടില്ല. ആയതു എത്രയുംപെട്ടെന്നു തന്നെ നികത്താൻ സാധിക്കും. അനസ്തേഷ്യ വിഭാഗത്തിൽ നിയമിച്ചിരുന്ന ഡോക്ടർ ഡി. എൻ. ബി. കോഴ്സിനു ചേർന്നതിനാൽ പകരം നിയമനം നടത്തിയിട്ടില്ല. പി.എസ്.സി.-യിൽ നിന്ന് സ്പെഷ്യലിസ്റ്റുകളുടെ ലിസ്റ്റ് ലഭിച്ചു കഴിഞ്ഞാൽ ഉടൻ ഇതു നികത്തുവാൻ സാധിക്കും. ഡെന്റൽ സിവിൽ സർജന്റെ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടികൾ പുരോഗമിക്കുന്നു. എന്നാൽ പ്രസ്തുത തസ്തികയിൽ കരാറടിസ്ഥാനത്തിൽ ഒരു ഡെന്റൽ ഡോക്ടറുടെ സേവനം ഇപ്പോൾ ലഭ്യമാണ്.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കൂടാതെ ഒരു ഡെന്റൽ സർജന്റെയും 4 സി.എം.ഒ.യുടെയും ഒരു ആർ.എം.ഒ.-യുടെയും, സൂപ്രണ്ടിന്റെ ഒരു തസ്തികയുമാണ് നിലവിലുള്ളത്. 4 ക്യാഷ്വാലിറ്റി മെഡിക്കൽ ആഫീസർമാരിൽ രണ്ടുപേർ ലീവിലാണ്.

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

43 (491) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ സാങ്ഷൻഡ് തസ്തികകൾ ആകെ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly